പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 94     09.03.2015 -ൽ മറുപടിയ്ക്ക്

## ബിവറേജസ് കോർപ്പറേഷനിൽ ഹെൽപ്പർ/പ്യൂൺ തസ്തിക നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ബിവറേജസ് കോർപ്പറേഷനിൽ ഹെൽപ്പർ/പ്യൂൺ തസ്തികയിൽ പി.എസ്. സി . വഴി നിയമനം നടത്തുന്നുണ്ടോ ; എങ്കിൽ എന്നാണ് വിജ്ഞാപനം പുറപ്പെട്ടുവിച്ചത്; ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകി ; | (എ) ബിവറേജസ് കോർപ്പറേഷനിൽ ഹെൽപ്പർ/പ്യൂൺ തസ്തികയിൽ പി.എസ്. സി . വഴി നിയമനം നടത്തുന്നുണ്ട്. 14.10.2008 ലാണ് വിജ്ഞാപനം പുറപ്പെട്ടുവിച്ചത്. ലിസ്റ്റിൽ നിന്നും 191 പേർക്ക് നിയമനം നൽകി |
| (ബി) അദർ ക്രിസ്ത്യൻ (ഒ.എക്സ്) വിഭാഗത്തിൽ എത്രപേർക്ക് നിയമനം നൽകി ; ഈ വിഭാഗത്തിലെ വനിതകളുടെ റാങ്കിൽ നിന്നും താഴ്ന്ന റാങ്ക് ഉള്ളവർക്ക് നിയമനം നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ ; | (ബി) അദർ ക്രിസ്ത്യൻ (ഒ.എക്സ്) വിഭാഗത്തിൽ നിന്ന് 4 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ടി തസ്തികയ്ക്ക് റിപ്പോർട്ട് ചെയ്യുന്ന ഷോപ്പുകളിലെ ഒഴിവുകളിലേക്ക് പുരുഷ ഉദ്യോഗാർത്ഥികളെ |

മാത്രമെ പരിഗണിക്കുകയുള്ളൂ. ഓഫീസ് ഒഴിവുകളിൽ സ്ത്രീകളെയും പുരുഷന്മാരെയും പരിഗണിക്കും. ഓഫീസ് ഒഴിവുകളിൽ വനിതാ ഉദ്യോഗാർത്ഥികളെ നിയമന ശുപാർശ ചെയ്യുതിൽ ഒ.എക്സ്റ്റേൺ വരാത്തതിനാലാണ് സ്ത്രീകളെ പരിഗണിക്കാതിരുന്നത്.

(സി) ബിവറേജസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റുകളിലെ ഒഴിവുകളിലേക്ക് വനിതകളെ പരിഗണിക്കാറുണ്ടോ ; ഇല്ലെങ്കിൽ എന്താണ് കാരണം ; പോലീസ്, ഗതാഗതം എന്നീ വകുപ്പുകളിലേതുപോലെ ബിവറേജസ് കോർപ്പറേഷനിലും വനിതകളെ നിശ്ചിത ശതമാനം ഒഴിവുകളിലേക്ക് പരിഗണിക്കുമോ ;

(സി) അബ്കാരി ചട്ടമനുസരിച്ച് വനിതകളെ ബിവറേജസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റുകളിൽ നിയമിക്കാൻ പാടില്ല ആയതിനാൽ ഔട്ട് ലെറ്റുകളിലെ ഒഴിവുകളിലേക്ക് വനിതകളെ പരിഗണിക്കാറില്ല.

(ഡി) ബിവറേജസ് കോർപ്പറേഷനിൽ എത്ര പ്യൂൺ തസ്തികകളാണ് ഉള്ളത് ; അവയിൽ എത്ര പേർ ഡെപ്യൂട്ടേഷനിൽ ജോലി നോക്കുന്നുണ്ട് ; P.S.C. ലിസ്റ്റ് നിലവിലിരിക്കെ താൽക്കാലികമായും,

(ഡി) ബിവറേജസ് കോർപ്പറേഷനിൽ സർക്കാർ അംഗീകൃത 333 ഹെൽപ്പർ/പ്യൂൺ തസ്തികകളാണുള്ളത്. ഈ അംഗീകൃത 333 തസ്തികകളിൽ ഒന്നിലും ഡെപ്യൂട്ടേഷൻ

ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും നിയമനം നടത്തുന്നത് നിയമ വിരുദ്ധമല്ലേ ; അവരെ മാറ്റി ആ ഒഴിവുകൾ P.S.C. ലിസ്റ്റിൽ നിന്നും നികത്താൻ സത്വര നടപടികൾ സ്വീകരിക്കുമോ ;

വ്യവസ്ഥയിൽ ആരും ജോലി നോക്കുന്നില്ല. കോർപ്പറേഷന്റെ സുഗമമായ പ്രവർത്തനങ്ങൾക്കാവശ്യമായ തസ്തികകൾക്ക് അനുമതി ലഭിക്കുന്നതു വരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അഡ്ഹോക്ക് ഒഴിവിൽ നിയമനം നടത്തേണ്ടതുണ്ട്. അംഗീകൃത തസ്തികകളിലെ ഒഴിവുകളിൽ പി.എസ്.സി ലിസ്റ്റിൽ നിന്ന് മാത്രമേ നിയമനം നടത്തുന്നുള്ളൂ.

(ഇ) ബിവറേജസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സമർപ്പിച്ചിട്ടുള്ള സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കുമോ ?

(ഇ) ബിവറേജസ് കോർപ്പറേഷനിലെ സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് സമർപ്പിച്ച പഠന റിപ്പോർട്ട് പരിഗണിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ